(സി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ അപാകത പരിഹരിക്കുന്നതിന് ജയിൽ വകുപ്പിൽ നിന്നോ, സംഘടനകളിൽ നിന്നോ സർക്കാരിന് പ്രൊപ്പോസലുകളോ, നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ഡി) ജയിൽ വകുപ്പിൽനിന്നും അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും ബ്രിട്ടീഷുകാർ ചിട്ടപ്പെടുത്തിയ ഡ്യൂട്ടിക്രമം പരിഷ്കരിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ജയിൽ നിയമപ്രകാരം ജയിലുകളിൽ ഡ്യൂട്ടിയുടെ സമയദൈർഘ്യം സംബന്ധിച്ച വ്യവസ്ഥകളില്ല. സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, വനിതാ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നിവർക്ക് രാവിലെ 6.00 മുതൽ വൈകിട്ട് 6.00 വരെയും വൈകിട്ട് 6.00 മുതൽ രാവിലെ 6.00 വരെയുമായി 12.00 മണിക്കൂർ വീതമാണ് ഡ്യൂട്ടി നൽകുന്നത്. രാത്രി ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിക്കിടയിൽ വിശ്രമവും അനുവദിക്കുന്നുണ്ട്. ഗേറ്റ് കീപ്പർക്കും, പ്രിസൺ ഓഫീസർക്കും 8.00 മണിക്കൂർ ഡ്യൂട്ടിയാണ് നൽകുന്നത്. ഒഴിച്ചുകൂടാൻ പറ്റാത്ത ചില സാഹചര്യങ്ങളിൽ (മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡ്യൂട്ടി, മെന്റൽ ഹോസ്പിറ്റൽ ഡ്യൂട്ടി) മാത്രം 12.00 മണിക്കൂറിൽ കൂടുതൽ സമയം ഡ്യൂട്ടി ചെയ്യേണ്ടി വരാറുണ്ട്.

(സി) ഉണ്ട്.

(ഡി) ഡ്യൂട്ടി ഏകീകരണം സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ജയിലുകളിൽ കഴിയുന്ന മാനസിക രോഗികൾ**

208 (3315) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജയിലുകളിൽ മാനസിക രോഗം ആരോപിച്ച് വിചാരണ കൂടാതെ കഴിഞ്ഞുവരുന്നവർ എത്രയാണ് എന്ന് വ്യക്തമാക്കുമോ; ഇവരെ വിട്ടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly